# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി.യു.പി.എസ് ഒള്ളൂർ

## 2025-2026



<u>ഉള്ളടക്കം</u>


- ആമുഖം
- വിദ്യാലയ ചരിത്രം
- അടിസ്ഥാന വിവരങ്ങൾ
- ആശയങ്ങൾ - ഭാവിയിലെ വിദ്യാലയം
- പൊതു ലക്ഷ്യങ്ങൾ
- അക്കാദമിക ഭൗതികനേട്ടങ്ങൾ,
- പരിമിതികൾ
- <u>യു പി വിഭാഗം</u>
- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- സോഷ്യൽ സയൻസ്
- അടിസ്ഥാന ശാസ്ത്രം
- ഉർദു
- സംസ്കൃതം
- ഗണിതം
- <u>LP വിഭാഗം</u>
- മലയാളം
- ഇംഗ്ലീഷ്
- Ev s
- ഗണിതം
- ക്ലാസ് അടിസ്ഥാന മാസ്റ്റർ പ്ലാൻ
- ഒന്നാം തരം
- രണ്ടാം തരം
- മൂന്നാം തരം
- നാലാം തരം

# ആമുഖം

പൊതു വിദ്യാഭ്യാസം മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന ഈ വേളയിൽ സ്കൂളിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾ അനുസരിച്ചും കുട്ടികളുടെ ബൗദ്ധക , മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തത്

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോവാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളേയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് ഒരു വഴി കാട്ടിയാണ്.

എല്ലാ പദ്ധതികളേയും വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്ന ജി.യു.പി.എസ്. ഒള്ളൂർ സജീവമായ പി.ടി.എ, SMC, പൊതുസമൂഹം, എന്നിവയുടെ സഹായത്തോടെ പുതിയ വിദ്യാഭ്യാസവർഷത്തെ മികവുറ്റതാക്കാൻ ഇത്തരം ആസൂത്രണങ്ങൾ തയ്യാറാക്കുന്നു.

# <u>വിദ്യാലയചരിത്രം</u>

കൊയിലാണ്ടി ഉപജില്ലയിൽ പെട്ട ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ 15  വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഒള്ളൂർ ഗവ: യു.പി സ്കൂൾ. 1912 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 14 ഡിവിഷനുകളിലായി ഒന്നു മുതൽ 7 വരെ ക്ലാസുകൾ ഇന്ന് ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ പ്രീപ്രൈമറി ഒന്നാം വർഷം, രണ്ടാം വർഷം ക്ലാസുകളും പ്രവർത്തിക്കുന്നു

അക്കാദമിക രംഗത്ത് ഏറെ കുറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മികച്ച സൗകര്യങ്ങളുള്ള ഈ സ്കൂളിൽ സയൻസ്, ഗണിത, സാമൂഹ്യ ശാസ്ത്രലാബുകൾ, മികച്ച ലൈബ്രറി, കുട്ടികൾക്ക് കളിക്കാൻ ടോമോ പാർക്ക്, ഗാന്ധി സ്ക്വയർ എന്നിവ വിദ്യാലയത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നു. കൂടാതെ കായികവികസനത്തിനായി 75 സെന്റ് വിസ്തീർണ്ണമുള്ള ഒരു കളിസ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കപ്പെട്ടും ഈസ്കൂളിന്റെ ഭൗതിക വികസനമാണ്.

വിവിധ പരിപാടികൾ നടത്തുന്ന സ്റ്റേജ് സൗകര്യം, ഓഡിറ്റോറിയം, കൂടാതെ കുട്ടികൾക്ക് ഏറെ പ്രയോജനമാകുന്ന IT ലാബും സ്മാർട്ട് ക്ലാസ് റൂമുകളും ഒള്ളൂർ ഗവ.യു.പി സ്കൂളിന് പകിട്ടേക്കുന്നു.

സ്കൂളിന്റെ അക്കാദമിക മികവുകൾ വർദ്ധിപ്പിക്കുന്നതിനായി ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങൾ മികവ് ക്ലാസുകൾ , വിവിധ മേളകൾക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ എന്നിവ നല്ല രീതിയിൽ നടന്നു വരുന്നു. അക്കാദമിക കാര്യങ്ങളോടൊപ്പം കല, കായിക രംഗത്തും സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നിട്ട് നിൽക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര്    : ഗവ.യു.പി സ്കൂൾ ഒള്ളൂർ

മേൽ വിലാസം : ഒള്ളൂർ

കുന്നത്തറ, ഉള്ളിയേരി , കോഴിക്കോട്

ഫോൺ  :  9447544304

സ്കൂൾ കോഡ്:16343

വിദ്യാഭ്യാസ ഉപജില്ല:കൊയിലാണ്ടി

വിദ്യാഭ്യാസ ജില്ല:വടകര

റവന്യൂ ജില്ല:കോഴിക്കോട്

ബി.ആർ.സി: ബാലുശ്ശേരി

ഗ്രാമ പഞ്ചായത്ത്:ഉള്ളിയേരി

ബ്ലോക്ക് പഞ്ചായത്ത്:ബാലുശ്ശേരി

ജില്ലാ പഞ്ചായത്ത്:കോഴിക്കോട്

താലുക്ക് : കൊയിലാണ്ടി

വില്ലേജ് : ഉള്ളിയേരി

# ആശയങ്ങൾ - ഭാവിയിലെ വിദ്യാലയം

ഒള്ളൂർ പ്രദേശത്തെ മുഴുവൻ കുട്ടികളും പ്രൈമറി വിദ്യാഭ്യാസത്തിന് എത്തിചേരുന്ന വിദ്യാലയമായി മാറണം. അവരുടെ കഴിവിനും അഭിരുചിക്കുമൊത്ത് ഏത് മേഖലയിലും പരിശീലനവും പഠനവും നടത്താൻ കഴിയണം. അക്കാദമിക വിഷയങ്ങൾക്ക് പുറമെ കായികപഠനം, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നിവയിലെല്ലാം കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കണം. കുട്ടികൾക്ക് വീട് വിട്ടാൽ എത്തിചേരുന്ന മറ്റൊരു വീടായി സ്കൂൾ മാറണം.

ഒരാളുടേയും നിർദ്ദേശമില്ലാതെ പഠനത്തിൽ പിന്നോക്കുള്ള വരെ സഹായിക്കുന്ന കുട്ടികൾ, ആർത്തിയോടെ പത്രവും ആനുകാലികങ്ങളും പുസ്തകങ്ങളും വായിക്കുന്ന കുട്ടികൾ, പരീക്ഷണങ്ങൾ ചെയ്ത് നോക്കുന്ന കുട്ടികൾ, പലതരം നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്ന കുട്ടികൾ, ഇന്റർനെറ്റിലും കംമ്പ്യൂട്ടറിലും അറിവുകൾക്ക് വേണ്ടി പരതുന്ന കുട്ടികൾ ഇവയൊക്കെ മികച്ച രീതിയിൽ നടപ്പിലാവണം.

# പൊതു ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് , അറബി, ഉർദു, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിൽ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക

2. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട കാര്യങ്ങൾ നേടി എന്ന് ഉറപ്പ് വരുത്തുക.

3. ഓരോ കുട്ടിയുടേയും അഭിരുചിയനുസരിച്ച് പരമാവധി പ്രോത്സാഹനവും പരിശീലനവും നേടുക

4. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

5. മാലിന്യവിമുക്ത വിദ്യാലയമായും ഹരിത വിദ്യാലയമായും വിദ്യാലയത്തെ മാറ്റുക

6. വിദ്യാലയംഹൈടെക്കാക്കി മാറ്റുക

7. രാസലഹരി , മൊബൈൽ അഡിക്ഷൻ എന്നിവക്കെതിരെ ജാഗ്രതാ ക്ലാസുകൾ

8. വ്യക്തിഗത പി.ടി.എ കളും കോർണ്ണർ പി.ടി.എ കളും

9. സയൻസ് ലാബ്, സോഷ്യൽ സയൻസ് ലാബ്, ഗണിതലാബ്, കംമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവൽക്കരിക്കുക

10. വായന ലഹരിയാക്കുക. വിദ്യാരംഗം കലാസാഹിത്യ വേദിയിലൂടെ മികച്ച പ്രവർത്തനങ്ങൾ നടത്തുക

# നേട്ടങ്ങൾ/അക്കാദമിക പ്രവർത്തനങ്ങൾ

അക്കാദമിക രംഗത്തും കായിക രംഗത്തും മികച്ച നേട്ടങ്ങൾ നേടാൻ ഗവ.യു.പി സ്കൂളിന് സാധിച്ചു. മികച്ച ഭൗതിക സാഹചര്യങ്ങൾ ലാബുകൾ, പാർക്ക്,ഹൈടെക് ക്ലാസ് റൂം സൗകര്യം, കളിസ്ഥലം എന്നിവ കുട്ടികളിൽ പഠനത്തിനും മറ്റ് വിഷയങ്ങളിലും മികവുറ്റവരാക്കി.

കായിക രംഗത്ത് സബ്ബ് ജില്ലാ കലാമേളകളിൽ മികച്ച നേട്ടം കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. അതുപോലെ കലാമേളകളിലും സ്കൂൾ സമ്മാനങ്ങൾ വാരികൂട്ടി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ സബ്ബ് ജില്ലാ മത്സരങ്ങളിലും ശാസ്ത്ര മേള, സാമൂഹ്യശാസ്ത്ര മേള, ഗണിത മേള, പ്രവൃത്തിപരിചയ മേള എന്നിവയിലും മികവുറ്റ പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു.

കാർഷിക ക്ലബ്ബിന്റേയും പരിസ്ഥിതിക്ലബ്ബിന്റേയും നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

- ## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നു വരുന്നു. ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഭാഷയുടെ വികസനത്തിന് വേണ്ട പ്രവർത്തനങ്ങൾ നടന്ന് വരുന്നു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ 11 ജനസംഖ്യാദിനം, സ്കൂൾ ഇലക്ഷൻ , ഓഗസ്റ്റ് 15 , ഗാന്ധി ജയന്തി, എന്നീ ദിനങ്ങൾ വിപുലമായി ആചരിച്ചു വരുന്നു.

സയൻസ്ക്ലബ്ബിന്റെ നേതൃത്വത്തിൽ ചാന്ദ്രദിനം, ശാസ്ത്രദിനം എന്നിവയും നടത്തി വരുന്നു. വിദ്യാരംഗം ക്ലബ്ബിന്റെനേതൃത്വത്തിൽ വായനാവാരം, ബഷീർ ദിനം എന്നിവയും സ്കൂളിൽ നടന്നു വരുന്നു. ഉറുദു ക്ലബ്ബ്, സംസ്കൃതം ക്ലബ്ബ്, അറബി ക്ലബ്ബ് , കായിക ക്ലബ്ബ്, പ്രവൃത്തിപരിചയ ക്ലബ്ബ് ഹിന്ദി ക്ലബ്ബ് എന്നിവയും മികച്ച പരിപാടികൾ സ്കൂളിൽ നടത്തിവരുന്നു. IT ക്ലബ്ബിന്റെ സബ്ബ് ജില്ലാ മേളകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാനും കഴിഞ്ഞ വർഷം നമുക്ക് സാധിച്ചു.

- ## സ്കൂൾ ഇന്നവേഷൻ മാരത്തൺ

സ്കൂൾ ഇന്നവേഷൻ മാരത്തണിൽ 2024 ൽ നമ്മുടെ സ്കൂളിലെ പ്രൊജക്ട് ദേശീയ തലത്തിൽ തിരഞ്ഞെടുത്ത് ദേശീയ തലത്തിലും നമ്മുടെ സ്കൂൾ അറിയപ്പെട്ടു.

- ## മികവ് ക്ലാസുകൾ

ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തി എല്ലാദിവസവും 9 മണിക്ക് സ്കൂളിൽ പ്രത്യേകം ക്ലാസുക നടന്നു വരുന്നു. കഴിഞ്ഞ വർഷങ്ങളിലെ മികവ് ക്ലാസിലെ കുട്ടികൾക്ക് വന്ന മാറ്റങ്ങൾ ഒരു വലിയ നേട്ടം തന്നെയാണ്. പഠന പിന്തുണ ആവശ്യമുള്ള പിന്നോക്കകാരെ മുന്നോക്കക്കാരാക്കാൻ ഈ വർഷവും ഈ പരിപാടി വിപുലമായി മൂന്നാം തരം മുതൽ 7ാം തരം വരെ നടന്ന് വരുന്നു.

- ■ അറിവുത്സവം

സ്കൂളിൽ കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അറിവുത്സവങ്ങൾ നടന്നുവരുന്നു. മികച്ച നേട്ടങ്ങളുമായി ഒള്ളൂർ ജി.യു.പി.എസ്. അതിന്റെ യാത്ര തുടരുന്ന

# പരിമിതികൾ

1. - മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി , ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

2. വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുണ്ടെന്തിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

3. മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതു വിജ്ഞാന മേഖലയിൽ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്.

4. IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്

5. എല്ലാ റൂമുകളുംഹൈടെക് അല്ലാത്തത് കൊണ്ട് IT അധിഷ്ഠിത പഠനം എല്ലാ സമയവും സാധ്യമല്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

# യു പി വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# UP മലയാളം

## ആമുഖം

മലയാളം മാതൃഭാഷയാണ്. കുട്ടികൾ ചിന്തിക്കുന്നതും ആശയരൂപീകരണം ആശയരൂഢീകരണം നടക്കുന്നതും മാതൃഭാഷയിലാണ്. അതിനാൽ തന്നെ മാതൃഭാഷയുടെ പ്രാധാന്യം ചെറുതല്ല. മലയാളം വായിക്കാനും എഴുതാനും കഴിയുക എന്നത് ഏതൊരു മലയാളിയുടെയും ആവശ്യമാണ്. കുട്ടികളിൽ കാണുന്ന ലേഖന വൈകല്യം, അതുപോലെ വായനയോടുള്ള വിമുഖത എന്നിവ മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിനെല്ലാമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു.

1 പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി പരിഹരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ജൂണിൽ തന്നെ നടത്തി പിന്നോക്കകാരെ കണ്ടെത്തി ലിസ്റ്റ് ആക്കൽ. അവർക്ക് പ്രത്യേക സമയം ഉപയോഗിച്ച് പ്രത്യേകം പരിശീലനം നൽകുന്നു. ഇതിനായി 'മികവ് 'ക്ലാസുകൾ ആരംഭിക്കുന്നു.

2 കുട്ടി വായന – ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായിച്ച പുസ്തകത്തിന്റെ വായനക്കുറിപ്പ് എഴുതി ടീച്ചറെ കാണിക്കുകയും ചെയ്യണം. ഏറ്റവും കൂടുതൽ വായിച്ച് വായനക്കുറിപ്പ് കാണിക്കുന്ന കുട്ടിക്ക് സമ്മാനം നൽകൽ.

3 പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്താൻ പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യണം.

4 പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ

| അക്കാദമിക മാസ്റ്റർ പ്ലാൻ യു .പി മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രർവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **<u>എൻറെ അവധിക്കാലം</u>**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ ( കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു<br>**<u>ഭാഷ കേളി</u>**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന പടികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | അക്കാദമിക വർഷാരംഭം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2 പഠിതാവിൽ<br>അർത്ഥപൂർണ്ണമാ<br>യ  വായന<br>ഉറപ്പുവരുത്തുക<br><br>3<br>സാഹിത്യകൃതികളോടും<br>സാഹിത്യകാരോടും ഉള്ള<br>അനുകൂല<br>മനോഭാവം വളർത്തുക<br>വഴി പഠിതാക്കളുടെ<br>സർഗ്ഗശേഷി<br>വളർത്തൽ | <u>**വാർത്താലോകത്തേക്ക്**</u><br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ<br>എന്നിവ പഠിതാക്കൾ വായിക്കുകയും<br>പ്രതികരണശേഷി ഉണർത്തുകയും<br>ഉച്ചാരണശുദ്ധി വളർത്തുകയും<br>ചെയ്യുന്നു<br><u>**വാർത്താവായന**</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ<br>സ്ക്രീനിൽ തെളിയുന്ന വാർത്തകൾ<br>കുട്ടികളെക്കൊണ്ട്<br>വായിപ്പിക്കുന്നു.ക്ലാസ് തലത്തിൽ<br>വായന നടത്തി തിരഞ്ഞെടുത്ത<br>കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന<br>സംഭവങ്ങൾ ക്ലാസ് സ്കൂൾ<br>ലൈബ്രറി പുസ്തകങ്ങൾ<br>എന്നിവയെ ആസ്പദമാക്കി ക്വിസ്<br>മത്സരം നടത്തുന്നു<br><br>പ്രമുഖ സാഹിത്യകാരന്മാർ<br>എഴുത്തുകാർ കലാകാരന്മാർ<br>എന്നിവരുമായുള്ള അഭിമുഖ<br>സംഭാഷണം ഐസിടിയുടെ<br>സഹായത്തോടെ കുട്ടികളെ<br>കാണിക്കുന്നു | എല്ലാദിവസവും<br><br>വർഷത്തിൽ മൂന്ന്<br>പ്രാവശ്യം<br><br>എല്ലാമാസവും<br><br>അക്കാദമിക വർഷം | മലയാളം<br>അധ്യാപകർ<br><br>മലയാളം<br>അധ്യാപകർ<br>ഐ സി ടി | |

| | | | | |
|---|---|---|---|---|
| 4 മലയാളം കമ്പ്യൂട്ടറിംഗ് പടിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | **ഇ കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ ഐ സി ടി | |
| 5 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽ കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാലകൾ നടത്തുന്നു | അക്കാദമിക വർഷം | പിടിഎ മലയാളം അധ്യാപകർ | പിടിഎ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

# Introduction

## Academic master plan
## UP English

IN INDIA ENGLISH IS NOT OUR LANGUAGE OF BEING OR IDENTITY. IT HAS COME TO BE THE LANGUAGE OF DOING THE LANGUAGE OF ACADEMICS AND THE LANGUAGE OF RECOGNITION. LITERACY IS A MEANS OF COMMUNICATION. LITERACY IS THE ABILITY TO READ AND USE WRITTEN AND VISION INFORMATION AND TO COMMUNICATION IN VARIETY OF SOCIAL AND ACADEMIC CONTENTS.

THE LEARNING MATERIALS AND ACTIVITIES GIVEN TO STUDENTS SHOULD BE OF AUTHENTIC AND MEANINGFUL CONTENT. THE CHILDREN HAVE STARTED PRODUCING THE YEAR ON WRITINGS IN ENGLISH IN THE FORM OF STORIES POEMS AND OTHER LANGUAGE DISCOURSES.

THE ACADEMIC STANDARDS MAYBE STATED CLEARLY AND CARE SHOULD BE TAKEN TO ENSURE THAT LEARNERS ACHIEVE THIS OUTCOMES BEFORE THEY PROCEED TO THE NEXT LEVEL.

.

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## ഗവ യു പി സ്കൂൾ ഒള്ളൂർ

## വിഷയം : അക്കാദമിക മാസ്റ്റർപ്ലാൻ ഹിന്ദി

## മേഖല : ഭാഷാപഠനം

## ഉപമേഖല : ഹിന്ദി ഭാഷാപഠനം

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷവും ആക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുക ഓരോ യൂണിറ്റിലും കുട്ടിക്ക് ലഭിക്കേണ്ട പഠന നേട്ടങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഇന്ത്യ ഭാഷയോട് സ്നേഹവും അതോടൊപ്പം ദേശസ്നേഹവും വളർത്തിയെടുക്കുക

## പ്രവർത്തനങ്ങൾ

- എല്ലാ കുട്ടികൾക്കും തിരിച്ചറിയൽ കാർഡ്
- ഹിന്ദി സ്കൂൾ ലൈബ്രറി
- ഹിന്ദി അസംബ്ലി
- ഹിന്ദി പ്രശ്നോത്തരി
- നിരന്തര മൂല്യനിർണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി സ്കൂൾ പ്രവർത്തനങ്ങളുടെ ആസൂത്രണം
- ദിനാചരണങ്ങൾ ഹിന്ദിയിലും പരിചയപ്പെടുത്തുക
- ഐസിടി ഉപയോഗം
- ഹിന്ദി ക്ലബ്ബ് പ്രവർത്തനം
- ഹിന്ദിക്ലബ്ബ് നിർമ്മാണം
- ഹിന്ദി വർക്ക് ഷീറ്റ്
- ഹിന്ദി സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുവാൻ
- ഹിന്ദി അഭിമുഖം പരിചയപ്പെടുത്തുക

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/<br>സാമ്പത്തിക |
|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ എല്ലാ കുട്ടികൾക്കും പേര് മേൽവിലാസം ക്ലാസ് എന്നിവ രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് | 2025 ജൂൺ മാസം | H M<br>ഹിന്ദി അദ്ധ്യാപകൻ |
| 2 ഹിന്ദി അസംബ്ലി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക പ്രാർത്ഥന വാർത്ത സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ<br>പ്രതിജ്ഞ. | 2025 ജൂൺ മാസം | H M<br>ഹിന്ദി അദ്ധ്യാപകൻ |
| 3 ഹിന്ദി ലൈബ്രറി | ലളിതമായ ചിത്രങ്ങളോട്ട് കൂടിയ കവിത ചിത്രകഥ തുടങ്ങിയ ഹിന്ദി പുസ്തകങ്ങൾ ഉൾപ്പെടുത്തി ഹിന്ദി ലൈബ്രറി | കാലയളവ് 2025 ജൂൺ | H M<br>ഹിന്ദി അദ്ധ്യാപകൻ<br>പി ടി എ |
| 4 എൻറെ ഹിന്ദി ഡയറി | ഓരോ മാസവും കുട്ടികൾ അവരുടെ വിശേഷപ്പെട്ട ഒരു ദിവസത്തെ ഡയറി എഴുതി ക്ലാസിൽ അവതരിപ്പിക്കൽ | മാസം 2025 ഓഗസ്റ്റ് മുതൽ | H M<br>ഹിന്ദി അദ്ധ്യാപകൻ<br>ഹിന്ദി ക്ലബ് |
| 5 ഹിന്ദി സംസാരിക്കാൻ ഉള്ള സ്പോക്കൺ ക്ലാസ്സ് | ഹിന്ദി സംസാരിക്കാൻ പ്രത്യേക പരിശീലനം പഠനസമയം നഷ്ടപ്പെടുത്താതെ മറ്റു സമയങ്ങളിൽ ആഴ്ചയിൽ അഭിമുഖം | മുതൽ 2025 ആഗസ്റ്റ് | H M<br>ഹിന്ദി അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 6 ഹിന്ദി പത്രം<br><br>7 ഹിന്ദി പ്രശ്നോത്തരി<br><br>8 നിരന്തരം മൂല്യനിർണയത്തിലെ പഠന പുരോഗതി വിലയിരുത്തുകയും പിന്നോക്ക കുട്ടികളെ പ്രത്യേകം പരിശീലനം കൊടുക്കലും | രണ്ടാഴ്ച കൂടുമ്പോൾ ഒരു ഹിന്ദി പത്രം വായിപ്പിക്കുക ഇന്റർനെറ്റ് വഴി ഹിന്ദി വാർത്തകൾ വായിപ്പിക്കുക<br><br>സ്വാതന്ത്ര്യം ദിനംഗാന്ധിജയന്തി ശിശുദിനം മറ്റു പ്രധാന ദിനങ്ങൾ ലക്ഷ്യമാക്കി ഹിന്ദി പ്രശ്നോത്തരി<br><br>നിരന്തരം മൂല്യനിർണയത്തിലൂടെ വളരെ പിന്നോട്ടുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം കൊടുക്കുക | 2025 ജൂലൈ മുതൽ<br><br>2025 ഓഗസ്റ്റ് മുതൽ<br><br>2025 ഓഗസ്റ്റ് മുതൽ | H M<br>ഹിന്ദി അദ്ധ്യാപകൻ<br>പി ടി എ ഫണ്ട്<br><br>H M<br>ഹിന്ദി അദ്ധ്യാപകൻ<br><br>H M<br>ഹിന്ദി അദ്ധ്യാപകൻ |

# സാമൂഹ്യ ശാസ്ത്രം **Up -** മാസ്റ്റർ പ്ലാൻ

സാമൂഹ്യ ശാസ്ത്ര മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം എന്നത് കുട്ടികളിൽ സാമൂഹികാവബോധം ഉണ്ടാക്കുക എന്നതാണ്. സാമൂഹികാവബോധത്തിന്റെ മേഖലയിൽ ജനാധിപത്യ വേദികൾ സൃഷ്ടിക്കാനും സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുന്നതുംഒരുപ്രധാന ലക്ഷ്യമാണ്.

ഇത്തരം സാമൂഹ്യ നൻമകളും അവബോധവും കുട്ടികളിൽ ഉണ്ടാക്കുന്നതിനായി ഗവ.യു.പി.സ്കൂളിൽ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു പാട് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രധാനമായും ദിനാചരണങ്ങളാണ്. **July 11 -** ജനസംഖ്യാദിനം
സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം, ഗാന്ധി ജയന്തി എന്നീ ദിനങ്ങൾ കുട്ടികളിൽ അത്തരം ദിവസത്തെ പ്രാധാന്യം ഓർമപ്പെടുത്താൻ നമുക്ക് സാധിക്കും
കൂടാതെ ഭൂപട പഠനം, കുട്ടികളിൽ അറിഞ്ഞിരിക്കേണ്ട പഞ്ചായത്ത് ഭൂപടം മുതൽ ലോക ഭൂപടം വരെ കുട്ടികളെ പരിചയപ്പെടുത്താനും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. ജനാധിപത്യപരമായ കാഴ്ചപാടുകൾ അനുഭവിച്ചറിയാൻ സ്കൂൾ ഇലക്ഷൻ വിപുലമായി തന്നെ നടത്താനും ഈ പദ്ധതിയിൽ തീരുമാനിച്ചിരിക്കുന്നു. കൂടാതെ സംവാദങ്ങളും, ബോധവൽക്കരണ ക്ലാസുകളും ചർച്ച കളും കുട്ടികളിൽ സാമൂഹ്യ ശാസ്ത്ര വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളാൻ പ്രാപ്തരാക്കാൻ ഈ പദ്ധതി സഹായകമാവും

# യു .പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രർവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ, ഇവ പരിശോദിക്കൽ നേടിയെടുക്കൾ | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതയുപയോഗിച്ച് മെമ്മറി ടെസ്റ്റ് | അക്കാദമികവർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2.ജനാധിപത്യപരമായ ജീവിത സമീപനം രൂപപെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭാ , വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലമനസിലാക്കുന്നു... | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| **3-** എന്റെ ഗ്രാമം | വാർഡ് ഭൂപടം<br>വിവരശേഖരണം<br>അഭിമുഖം, പഞ്ചായത്ത് ഭൂപടം | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്ര<br>അധ്യാപകൻ | പി ടി എ |
| **4-** ഭൂപടനിർമ്മാണം | ഭൂപടങ്ങളെ കുറിച്ചുള്ള വിവരങ്ങൾ<br>കുട്ടികൾ മനസ്സിലാക്കാൻ ഭൂപട<br>ശില്പശാല | അക്കാദമികവർഷാരംഭം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| **5.**മൂസിയം സന്ദർശനം | പുരാവസ്ത്ത്തുക്കളുടെ ചരിത്രം<br>മനസിലാക്കാൻ മൂസിയം<br>സന്ദർശനം. | അക്കാദമികവർഷാരംഭം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# അടിസ്ഥാന ശാസ്ത്രം

# UP

സുസ്ഥിരവികസനത്തിനും നാനാ തരത്തിലുമുള്ള ചർച്ചയ്ക്കും ശാസ്ത്രപഠനം അനിവാര്യമാണ്. സാമൂഹിക തിന്മകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും യാഥാർഥ്യത്തിന്റെ വഴിയിലേക്ക് സഞ്ചരിക്കാൻ അത് നമ്മെ സഹായിക്കുന്നു. സമസ്ത മേഖലയിലും പ്രയോജനപ്പെടുന്ന രക്ഷകവചമാണ് ശാസ്ത്രം. വിവിധ ചിന്താശേഷികൾ വികസിപ്പിച്ചെടുക്കാൻ വ്യത്യസ്ത കോണിലൂടെ നോക്കിക്കാണാൻ ശാസ്ത്ര അഭിരുചി വളർത്താൻ നാം കുട്ടിയെ പ്രാപ്തനാകേണ്ടതുണ്ട്. മുഴുവൻ വിദ്യാർത്ഥികളിലും ശാസ്ത്ര അഭിരുചി വളർത്തുക, ശാസ്ത്ര പഠനം ലളിതവും പ്രവർത്തനാധിഷ്ഠിതവും രസകരവും ആക്കുക. നേടിയ അറിവുകൾ നിത്യ ജീവിതത്തിൽ പ്രവർത്തികമാക്കാനുള്ള ശേഷി കൈവരിക്കുക എന്നിവയാണ് ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ. ശാസ്ത്ര ആശയങ്ങളും ശേഷികളും നിശ്ചിതസമയത്ത് കുട്ടികളിലേക്ക് എത്തിക്കാൻ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വാർഷിക കലണ്ടർ തയ്യാറാക്കുന്നു. ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുന്നു. ശാസ്ത്രം പഠനത്തിൽ ഒതുങ്ങാതിരിക്കാൻ എല്ലാ ക്ലാസ്സുകളിലും സയൻസ് കിറ്റ് മാഗസിൻ ശാസ്ത്ര കലണ്ടർ എന്നിവ ഏർപ്പെടുത്തുന്നു. ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്താൻ ഗാർഹിക ഉപകരണങ്ങളുടെ പരിചയപ്പെടൽ, പ്രകൃതി നടത്തം എന്നിവ സംഘടിപ്പിക്കുന്നു. ദിനാചരണങ്ങളിൽ( ചാന്ദ്രദിനം, ശാസ്ത്രദിനം) ശാസ്ത്ര അറിവ് വർദ്ധിപ്പിക്കാൻ ക്വിസ് മത്സരം ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കൊളാഷ് മത്സരം പതിപ്പ് തയ്യാറാക്കൽ എന്നിവ നടത്തുന്നു. സയൻസ് ലാബിന്റെ സഹായത്തോടെ പരീക്ഷണ നിരീക്ഷണങ്ങൾക്കുള്ള അവസരം, ശാസ്ത്രമേളകളിലെ പങ്കാളിത്തം എന്നിവ ലഭിക്കുന്നു. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്താൻ മികച്ച ലാബ് സൗകര്യം ഒരുക്കുന്നു. ഒരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തി വിദഗ്ധരുടെ സഹായത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. കുട്ടികൾ ആർജിച്ച ശേഷിയും നൈപുണികളും പരമാവധി പ്രയോജനപ്പെടുത്തി പഠനോത്സവം സംഘടിപ്പിക്കുന്നു.

# യു പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിപചനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | 1. ജൈവവൈവിധ്യ ഉദ്യാനം, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉദ്യാന നിർമ്മാണം.<br>2. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്ര,വയലിലൂടെ ഉള്ള യാത്ര, സ്കൂളിന്റെ പരിസരത്തുള്ള ആവാസവ്യവസ്ഥ നിരീക്ഷിക്കൽ . | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | --------------------------<br>PTA & സയൻസ് ക്ലബ് |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 3. നിത്യ ജീവിതത്തിലെ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ. ശാസ്ത്ര കിറ്റിന് ആവശ്യമായവ സംഘടിപ്പിക്കൽ. ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>4. വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ആശയങ്ങളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ അവതരിപ്പിക്കാനുള്ള അവസരം. വിവിധ കണ്ടെത്തലുകൾ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>5. ശസ്ത്രപഠഭവവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ, സയൻസ് ലാബ് പരിചയപ്പെടൽ, ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സിൽ ശാസ്ത്ര | ജൂലൈ | ശസ്ത്ര അധ്യാപകർ, | PTA |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ<br>IT യുടെ സഹായത്തോടെ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.<br><br>4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ.<br><br>5. പഠനോപകരണ ശില്പശാല - വിവിധ പഠനോപകരണങ്ങൾ അവയുടെ നിർമ്മാണവും.<br><br>6. പഠനോത്സവം. | ലൈബ്രറി, ചുമർപത്രികകൾ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ.<br><br>6. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.<br><br>7. ശാസ്ത്ര ഉപകരണങ്ങളുടെ പ്രവർത്തന ശില്പശാല, സ്കൂൾതല സബ്ജില്ലാതല ശാസ്ത്രമേളകളിലെ പങ്കാളിത്തം ഉറപ്പുവരുത്താൻ ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം.<br><br>8. ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും വിദഗ്ധരെ കണ്ടെത്തി പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുക.<br>9. കുട്ടികൾ ആർജ്ജിച്ച ശേഷിയും നൈപുണികളും പരമാവധി പ്രയോജനപ്പെടുത്തൽ ഉപകരണങ്ങൾ,ചാർട്ടു കൾ,വർക്കിംഗ് മോഡലുകൾ,സ്റ്റിൽ മോഡലുകൾ ഇവയുടെ പ്രദർശനം. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക്ക വർഷം | സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്<br><br>PTA & സയൻസ് ക്ലബ് |

# ആമുഖം

ഇന്ത്യയിൽ ജനിച്ചു വളർന്ന് വികാസം പ്രാപിച്ച ഭാഷയാണ് ഉർദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉർദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉർദു. കഥകളുടെയും കവിതകളുടെയും ഭാഷ , ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉർദു സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

ഉള്ളൂർ ഗവൺമെൻറ് യുപി സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക ,ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും ചുവടെ ചേർക്കുന്നു...

# അക്കാദമിക മാസ്റ്റർ പ്ലാൻ യു .പി ഉർദു
# ജി യു പി സ്കൂൾ ഒള്ളൂർ

| ലക്ഷ്യം | പ്രർവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1-ഉർദു ഭാഷാ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക. | .*കഥകൾ, കവിതകൾ, സംഭാഷണങ്ങൾ തുടങ്ങിയവ ICT സാധ്യത ഉപയോഗിച്ച് കേൾക്കാനും കാണാനുമുള്ള അവസരം ഒരുക്കൽ. | അക്കാദമിക വർഷം | ഉർദു അധ്യാപിക | |
| 2-വിദ്യാർത്ഥികളിൽ, വായന , എഴുത്ത് എന്നീ ശേഷികൾ പരിപോഷിപ്പിക്കുക . | *വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | അക്കാദമിക വർഷം | ഉർദു അധ്യാപിക | |
| 3- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക. | *കയ്യെഴുത്ത് മത്സരം<br>*പദനിർമ്മാണം<br>*ചുമർപത്രിക നിർമ്മാണം<br>*വായനകാർഡ് നിർമ്മാണം<br>*അക്ഷരമരം നിർമ്മിക്കൽ | അക്കാദമിക വർഷം | ഉർദു അധ്യാപിക | |
| 4-ഉർദു ഭാഷ പരിപോഷണവും ഉർദുവിലൂടെപൊതുവിജ്ഞാനം വർദ്ധിപ്പിക്കലും . | *പൊതുവായതും ഉർദുവിലു ള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലേക്ക് എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | സെപ്റ്റംബർ-ഫെബ്രുവരി | ഉർദു അധ്യാപിക | |

| | | | | |
|---|---|---|---|---|
| 5- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക. | *ഭാഷാശേഷി വളർത്തുന്നതി നുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ :-<br>പ്രത്യേക അസംബ്ലി<br>വായന മത്സരം<br>കയ്യെഴുത്ത് മത്സരം<br>കളറിംഗ് മത്സരം<br>പോസ്റ്റർ നിർമ്മാണം<br>ക്വിസ് മത്സരം<br>ലഘു വിവരണങ്ങൾ/കുറിപ്പുകൾ തയ്യാറാക്കൽ<br>പ്ലക്കാർഡ് തയ്യാറാക്കൽ തുടങ്ങിയവ<br><br>* | അതാതു ദിനങ്ങളിൽ | ഉർദു ക്ലബ് | പി ടി എ |
| 6- കുട്ടികളുടെ സർഗാത്മകശേഷികൾ വളർത്തുകയും രചനശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.<br><br>■ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കുക.<br>*പാഠപുസ്തകത്തിലെ കഥകൾ നാടകമായും സംഭാഷണമായും അവതരിപ്പിക്കൽ | അക്കാദമിക വർഷം | ഉർദു അധ്യാപിക | |

# <u>സംസ്കൃതം</u>

## <u>അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-26</u>

### ആമുഖം

ഭാരതീയ സംസ്കാരത്തിൻറെ മുതൽക്കൂട്ടായ സംസ്കൃത ഭാഷഈ ഭാഷയിലൂടെ നാം വിദ്യാർത്ഥികൾക്ക് നൽകേണ്ടത് കൃത്യമായ ആശയവിനിമയവും സാംസ്കാരിക ബോധവും ഭാഷാജ്ഞാനവും ആണ് യുപിതലത്തിൽ കുട്ടികൾ സംസ്കൃതം ഒരു സജീവ ഭാഷയായി കാണുകയും ആത്മവിശ്വാസത്തോടെ അത് പ്രയോഗിക്കുകയും ചെയ്യുന്നതിന് ഉതകുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കുന്നത് ലക്ഷ്യങ്ങൾ ഉച്ചാരണം എന്നിവയുടെ ഉറപ്പിക്കൽ സംഭാഷണം വായന ലേഖനം എന്നിവ നേടിയെടുക്കൽ

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br><br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br><br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഗണിതം **UP**

